REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-04-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **വനിതാ സംവരണ നിയമം നടപ്പാക്കേണ്ട സമയം അതിക്രമിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പശ്ചിമ ബംഗാളിലും തമിഴ്നാട്ടിലും തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം.**
- **നിയമസഭാ തെരഞ്ഞെടുപ്പിന്റെ കണക്കുകൾ വിലയിരുത്താൻ CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തുടങ്ങി.**
- **ശബരിമല സന്നിധാനത്ത് വിഷു ദർശനത്തിന് ഒരുക്കങ്ങൾ ആരംഭിച്ചു.**
- **സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **IPL ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

വനിതാ സംവരണ നിയമം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നടപ്പാക്കേണ്ട സമയം അതിക്രമിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. 2029 ലെ ലോക്സഭാ തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലും സ്ത്രീ സംവരണം നടപ്പിലാക്കുമെന്ന് അദ്ദേഹം അറിയിച്ചു.

പാർലമെന്റിന്റെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനത്തിന് മുന്നോടിയായി ലോക്സഭയിലെയും രാജ്യസഭയിലെയും സഭാ നേതാക്കൾക്ക് അയച്ച കത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്. ഔദ്യോഗികമായി നാരി ശക്തി

വന്ദൻ അധിനിയം എന്നറിയപ്പെടുന്ന വനിതാ സംവരണ നിയമത്തിലെ ഭേദഗതികൾ പാസാക്കാൻ എല്ലാ അംഗങ്ങളും ഒന്നിച്ചു നിൽക്കണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

വനിതാ സംവരണ നിയമം ലോക്സഭാ സീറ്റുകളുടെ എണ്ണം 816 ആയി വർദ്ധിപ്പിക്കും. അതിൽ 273 സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യും. 2023-ൽ ഭരണഘടന ഭേദഗതി ചെയ്താണ് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകാൻ വ്യവസ്ഥ കൊണ്ടുവന്നത്.

✪✪✪

ഏപ്രിൽ 16 മുതൽ 18 വരെ ചേരുന്ന പാർലമെന്റ് സമ്മേളനത്തിന് സഭയിൽ ഹാജരാകണമെന്ന് നിർദ്ദേശിച്ച് ലോക്സഭയിലെയും രാജ്യസഭയിലെയും എല്ലാ അംഗങ്ങൾക്കും BJP വിപ്പ് നൽകി. ഹാജർ നിർബന്ധമാണെന്നും ഈ കാലയളവിൽ അവധി അനുവദിക്കില്ലെന്നും പാർട്ടി അറിയിച്ചു.

✪✪✪

പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം സജീവമായി. രാജ്യത്തെ പ്രമുഖ രാഷ്ട്രീയ നേതാക്കൾ ഇന്ന് സംസ്ഥാനത്ത് പ്രചാരണത്തിനെത്തും.

ഡാർജിലിംഗ് ഹിൽസ്, ജൽപായ്ഗുഡി ജില്ലകളിലെ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും 13 NDA സ്ഥാനാർത്ഥികളെ പിന്തുണച്ച് മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി സിലിഗുഡിയിലെ കവഖാലിയിൽ സങ്കൽപ് റാലി നടത്തും. കവാഖാലിയിൽ പൊതുയോഗത്തെ നരേന്ദ്ര മോദി അഭിസംബോധന ചെയ്യും.

ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ബങ്കുരയിലെ സോണമുഖിയിലും പിന്നീട് കിഴക്കൻ മേദിനിപൂരിലെ നന്ദ കുമാറിലും കാന്തി ദോഖിനിലും റാലികളിൽ പങ്കെടുക്കും.

തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി കിഴക്കൻ ബർദ്ധമാൻ, പടിഞ്ഞാറൻ ബർദ്ധമാൻ, ബങ്കുര ജില്ലകളിലെ റാലികളിൽ ഇന്ന് സംസാരിക്കും. ഹൂഗ്ലിയിൽ TMC അഖിലേന്ത്യാ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി ഡൺലപ്പ് ഫാക്ടറി ഗ്രൗണ്ടിൽ പ്രവർത്തകരെ അഭിസംബോധന ചെയ്യും. ചിൻസുര, സപ്തഗ്രാം മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ പിന്തുണച്ചാണ് റാലി നടത്തുന്നത്.

ഈ മാസം 23നും 29നും രണ്ട് ഘട്ടങ്ങളായാണ് പശ്ചിമ ബംഗാളിൽ നിയമസഭാ തെരഞ്ഞെടുപ്പ്.

✪✪✪

തമിഴ്നാട്ടിലും നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ഊർജ്ജിതമായി. സംസ്ഥാനമെങ്ങും താരപ്രചാരകർ റാലിയിലും റോഡ് ഷോകളിലും പങ്കെടുക്കുകയാണ്.

4,023 സ്ഥാനാർത്ഥികളാണ് തമിഴ്നാട്ടിൽ 234 മണ്ഡലങ്ങളിലായി മത്സരിക്കുന്നത്. മുൻ മന്ത്രിയും അണ്ണാ DMK നേതാവുമായ MR വിജയഭാക്സകർ മത്സരിക്കുന്ന കരൂറിലാണ് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ. 79 പേർ. DMK പ്രസിഡന്റും മുഖ്യമന്ത്രിയുമായ MK സ്റ്റാലിൻ മത്സരിക്കുന്ന കൊളത്തൂരിൽ 34 പേരാണ് മത്സരരംഗത്ത്. തമിഴ് വെട്രി കഴകം നേതാവും നടനുമായ വിജയ് മത്സരിക്കുന്ന പെരമ്പൂരിൽ 46 പേരുണ്ട്. സ്റ്റാലിന്റെ മകൻ ഉദയനിധിക്കെതിരെ ചെപ്പോക് - ട്രിപ്ലിക്കേൻ മണ്ഡലത്തിൽ 25 പേരും മത്സരിക്കുന്നു. ഹാർബർ മണ്ഡലത്തിൽ DMK നേതാവും മന്ത്രിയുമായ പി കെ ശേഖർ ബാബുവിനെതിരെ 22 പേരാണ് മത്സരിക്കുന്നത്.

✪✪✪

നെഞ്ചിലെ അണുബാധയെ തുടർന്ന് മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച പ്രശസ്ത പിന്നണി ഗായിക ആശാ ഭോസ്‌ലെയുടെ ആരോഗ്യനിലയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആശങ്ക അറിയിച്ചു. അവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും ആശാ ഭോസ്‌ലെയുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുന്നുവെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന്റെ കണക്കുകൾ വിലയിരുത്തുന്നതിന് CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. AKG സെന്ററിലാണ് യോഗം പുരോഗമിക്കുന്നത്.

✪✪✪

റൺ ഫോർ അംബേദ്കർ റൺ ഫോർ കോൺസ്റ്റിറ്റ്യൂഷൻ എന്ന സന്ദേശം ഉയർത്തി കോൺഗ്രസ് നേതൃത്വത്തിൽ ന്യൂഡൽഹിയിൽ മാരത്തോൺ സംഘടിപ്പിച്ചു. ലോക് സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി മാരത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന പട്ടിക വർഗ്ഗ, OBC സമിതികളാണ് പരിപാടി സംഘടിപ്പിച്ചത്.

✪✪✪

ശബരിമല സന്നിധാനത്ത് വിഷു പൂജയ്ക്ക് ഒരുക്കങ്ങൾ ആരംഭിച്ചു. വിഷുപൂജ 15 നാണ്.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി എസ് ശ്രീധർ...

..........വോയ്സ്...........

വിഷു ദർശനത്തിനായുള്ള ഒരുക്കങ്ങൾ സന്നിധാനത്ത് ആരംഭിച്ചു. തിരക്കു നിയന്ത്രണത്തിനുള്ള വിപുലമായ ക്രമീകരണമാണ് പോലീസ് ഒരുക്കുന്നത്. പമ്പ- നിലയ്ക്കൽ ചെയിൽ സർവീസിനായി 70 ൽ അധികം ബസുകൾ എത്തിക്കഴിഞ്ഞു. കൂടാതെ പല ഡിപ്പോകളിൽനിന്നായി കെ. എസ്.ആർ.ടി.സി പ്രത്യേകസർവീസ് പമ്പയ്ക്ക് നടത്തും. 14 ന് രാത്രി അത്താഴപൂജയ്ക്ക് ശേഷമാണ് സന്നിധാനത്ത് വിഷുക്കണി ഒരുക്കുക. 15 ന് പുലർച്ചെ നാലുമുതൽ രാവിലെ ഏഴുവരെ വിഷുകണി ദർശനവും വിഷുക്കൈനീട്ടവും നടക്കും. www.sabarimalaonline.org എന്ന വെബ്സൈറ്റ് വഴി തീർഥാടകർ ദർശനത്തിനുള്ള വെർച്വൽ ക്യൂ ബുക്ക് ചെയ്യണം.

✪✪✪

സംസ്ഥാനത്ത് ഇന്ന് കനത്ത ചൂടിനും ഉഷ്ണതരംഗത്തിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

പാലക്കാട്, മലപ്പുറം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും വയനാട്, കോഴിക്കോട്, തൃശൂർ , എറണാകുളം , കൊല്ലം ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

ചിലയിടങ്ങളിൽ മിന്നലോട് കൂടിയ വേനൽമഴയ്ക്കു സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിൽ നിന്നു ചാടി മരിച്ച കണ്ണൂർ ഡെന്റൽ കോളജിലെ ഒന്നാം വർഷ BDS വിദ്യാർഥി തിരുവനന്തപുരം നെടുമങ്ങാട് ഉഴമലയ്ക്കൽ സ്വദേശി RL നിതിൻ രാജിന്റെ മൃതദേഹം പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം തിരുവനന്തപുരത്തെ വീട്ടിലെത്തിച്ചു. നിതിന്റെ സംസ്കാര ചടങ്ങ് ഇന്ന് നടത്തും.

നിതിൻരാജ് മരിച്ചതിനുപിന്നിൽ ജാതി-വർണ അധിക്ഷേപമുണ്ടെന്നു കാണിച്ച് ബന്ധുക്കൾ പോലീസിൽ പരാതി നൽകിയിരുന്നു. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിക്കുനേരേ ചില അധ്യാപകർ ജാതി അധിക്ഷേപം നടത്തിയെന്നാണ് പരാതിയുയരുന്നത്. കാമ്പസിനുള്ളിലും പുറത്തും മകൻ ജാതിവിവേചനം നേരിട്ടിരുന്നുവെന്ന് നിതിൻരാജിന്റെ മാതാപിതാക്കൾ ആരോപിച്ചു.

സംഭവത്തിൽ അധ്യാപകരായ ഓറൽ പാതോളജി വിഭാഗം മേധാവി ഡോ. കെ. റാം, ഡോ. സംഗീത എന്നിവരെ കോളേജ് അധികൃതർ അന്വേഷണവിധേയമായി സസ്‌പെൻഡ് ചെയ്തിരുന്നു.

✪✪✪

കണ്ണൂർ ഡെന്റൽ കോളജ് ഒന്നാം വർഷ ബിഡിഎസ് വിദ്യാർത്ഥി RL നിതിൻരാജിന്റെ ദുരൂഹമരണത്തെക്കുറിച്ച് ഉന്നതല അന്വേഷണം വേണമെന്ന് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയംഗം രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. വിദ്യാർത്ഥിയുടെ മരണത്തിന് പിന്നിൽ ജാതി - വർണ്ണ അധിക്ഷേപമുണ്ടെന്ന മാതാപിതാക്കളുടെയും ബന്ധുക്കളുടെയും നിലപാടിനെ ഗൗരവമായി കണക്കിലെടുക്കണമെന്നും ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഗവണ്മെന്റ് അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

കണ്ണൂർ പയ്യന്നൂരിൽ കാർ കത്തിക്കുകയും വീടിനു കേടുവരുത്തുകയും ചെയ്തെന്ന കേസിൽ രണ്ടുപേർ അറസ്റ്റിലായി. DYFI പയ്യന്നൂർ വെസ്റ്റ് മേഖല പ്രസിഡണ്ട് സുധീഷ്, എക്സിക്യൂട്ടീവ് അംഗം അജയ് കൃഷ്ണ എന്നിവരാണ് അറസ്റ്റിലായത്.

തിരഞ്ഞെടുപ്പിന് തൊട്ട് പിന്നാലെയാണ് പയ്യന്നൂരിലെ ചെമ്മീൻ കർഷകൻ T പുരുഷോത്തമന്റെ വീട് തകർക്കുകയും കാർ കത്തിക്കുകയും ചെയ്തത്.

✪✪✪

കണ്ണൂർ നഗരസഭ മുൻ ചെയർമാനും മുസ്ലിം ലീഗ് മുൻ കണ്ണൂർ ജില്ലാ പ്രസിഡന്റുമായ പി. കുഞ്ഞിമുഹമ്മദ് അന്തരിച്ചു. 84 വയസ്സായിരുന്നു. മുസ്ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗമാണ്.

ഖബറടക്കം വൈകിട്ട് 7ന് കണ്ണൂർ ചിറക്കൽക്കുളം ജുമാ മസ്ജിദ് ഖബർസ്ഥാനിൽ.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് മൂന്നരയ്ക്ക് ലക്നൗവിലാണ് മത്സരം.

ഇന്നലെ ചെന്നൈയിൽ, ചെന്നൈ സൂപ്പർ കിംഗ്സ് ഡൽഹി ക്യാപിറ്റൽസിനെ 23 റൺസിന് പരാജയപ്പെടുത്തി. ന്യൂ ചണ്ഡിഗർഹിൽ മറ്റൊരു മത്സരത്തിൽ പഞ്ചാബ് കിംഗ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.

✪✪✪

ISL ഫൂട്ബോളിൽ ഇന്ന് വൈകിട്ട് അഞ്ചിന് ഇന്റർകാശി മുഹമ്മദെൻ SC യെയും, രാത്രി ഏഴരയ്ക്ക് മോഹൻ ബഗാൻ, പഞ്ചാബ് FC യെയും നേരിടും. കൊൽക്കത്തയിലാണ് രണ്ടു മത്സരങ്ങളും.

ഇന്നലെ ബംഗലൂരുവിൽ കേരള ബ്ലാസ്റ്റേഴ്സ് ബംഗലൂരു FC യെ ഒന്നിനെതിരെ രണ്ട് ഗോളിന് പരാജയപ്പെടുത്തി. ചെന്നൈയിൽ മറ്റൊരു മത്സരത്തിൽ ഈസ്റ്റ് ബംഗാൾ FC, ചൈന്നൈയിൻ FC യെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചു.

✪✪✪

മെക്സിക്കോയിലെ പ്യൂബ്ലയിൽ അമ്പെയ്ത്ത് ലോക കപ്പ് സ്റ്റേജ് 1 കോമ്പൗണ്ട് വനിതാ മത്സരത്തിൽ ഇന്ത്യൻ താരങ്ങളായ ജ്യോതി സുരേഖ വെന്നം, മധുര ധമാൻഗോങ്കർ, പ്രഗതി എന്നിവർക്ക് സ്വർണ്ണം. ഈ സീസണിലെ ഇന്ത്യയുടെ ആദ്യ മെഡലാണിത്.

കോമ്പൗണ്ട് മിക്സഡ് ടീം വെങ്കല മെഡൽ മത്സരത്തിൽ ഓജാസ് ഡിയോട്ടെയിലും പ്രഗതിയും USA-യോട് ഒരു സ്കോറിനാണ് പരാജയപ്പെട്ടത്.

✪✪✪

സൈപ്രസിലെ പെഗിയയിൽ വനിതാ കാൻഡിഡേറ്റ്സ് ചെസ്സ് ടൂർണമെണ്ട് 11-ാം റൗണ്ടിൽ അലക്സാന്ദ്ര ഗോറിയാച്ച്കിനയ്ക്കെതിരെ നിർണായക വിജയത്തോടെ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ. വൈശാലി ലീഡ് നിലനിർത്തി. മൂന്ന് റൗണ്ടുകൾ മാത്രം ശേഷിക്കെ, ഈ വിജയത്തോടെ അവരുടെ പോയിന്റുകളുടെ എണ്ണം ഏഴായി. ഓപ്പൺ വിഭാഗത്തിൽ, വൈശാലിയുടെ ഇളയ സഹോദരൻ ആർ. പ്രഗ്നാനന്ദയും പോരാട്ടം തുടരുകയാണ്.

✪✪✪

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലകളിൽ പ്രവർത്തിക്കുന്ന കോളേജ് സ്പോർട്സ് അക്കാഡമികളിലേക്ക് അടുത്ത അധ്യയന വർഷത്തെ കായിക താരങ്ങളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ ഈ മാസം 17 ന് ആരംഭിക്കും. അത്ലറ്റിക്സ്, ആർച്ചറി, ബാസ്കറ്റ്ബോൾ, ബോക്സിംഗ്, ഉൾപ്പെടെ കായിക ഇനങ്ങളിലാണ് ഡിഗ്രി ഒന്നാം വർഷ ക്ലാസുകളിലേക്ക് സെലക്ഷൻ നടത്തുക.

✪✪✪

*News Editor :& News Reader: വി കെ സുരേഷ്*
*News Team: ശ്രുതി എം, നിമിഷ ജി,*
*DEO : സി കെ സുബോധ്*